ലോകത്തിലെ മൊത്തം തേയില ഉല്പാദനത്തിന്റെ മൂന്നിലൊന്ന് ഇന്ത്യയിലായിരുന്നിട്ടും, കലർപ്പററ നല്ല തേയില ഇന്ത്യയിൽ അലഭ്യമാണെന്നതാണ് പരിതാപകരമായ വസ്തുത. ദുബായിൽനിന്ന് ഏതാനും കിലോ നല്ല ഇന്ത്യൻതേയില വാങ്ങിക്കൊണ്ടു വരാൻ ഞങ്ങളുടെ സംഘത്തിൽപ്പെട്ട ചിലർ ആലോചിക്കാതിരുന്നില്ല. പക്ഷേ, ബോംബെ എയർപോട്ടിലെ കസ്റ്റംസ്ചെക്കിങ്ങിനെപ്പററി ഓർത്തപ്പോൾ, ആ ആഗ്രഹം, ദരിദ്രന്മാരുടെ മനോരഥംപോലെ 'ആത്മാവിൽത്തന്നെ ലയിക്കുക' യാണുണ്ടായത്!

ഇനിയിപ്പോൾ, കലർപ്പുള്ളതെങ്കിൽ കലർപ്പുള്ളത്, ഒരു കടുംചായ കുടിക്കുകതന്നെ!

(3 ഫെബ്രുവരി, 1985)

# 81. ഗിനിപ്പന്നി

മുയലുകളെ വളർത്താൻ കർഷകർക്ക് ഉദാരമായ ധനസഹായം കേരള ഗവണ്മെൻറ് പ്രഖ്യാപിച്ചതു് കേട്ടപ്പോൾ ആദ്യം തോന്നിയതു് അമ്പരപ്പാണ്. കൃഷിവികസനവും മുയൽ വളർത്തലും തമ്മിൽ ഒരു പൊരുത്തവുമില്ലല്ലോ! കൃഷിയുടെ, പ്രത്യേകിച്ച് പച്ചക്കറികൃഷിയുടെ, പരമശത്രുക്കളായ മുയലുകളെ കർഷകർ വളർത്തുകയോ? അതും ആയിരക്കണക്കിനു്!

ഗവണ്മെൻറിന്റെ ഉദ്ദേശ്യം, ബന്ധപ്പെട്ട സർക്കാരുദ്യോഗസ്ഥൻ വിവരിച്ചു കേട്ടപ്പോഴും അമ്പരപ്പ് ബാക്കിനിന്നു. ഉദ്യോഗസ്ഥൻ പറഞ്ഞതു് ഏതാണ്ട് ഇങ്ങനെയൊക്കെയായിരുന്നു: 'കേരളീയരുടെ ഭക്ഷണത്തിൽ പ്രോട്ടീൻ കറവാണ്. ബാല്യകാലത്തു് പ്രോട്ടീൻ ഭക്ഷിക്കാത്തവർ മന്ദബുദ്ധികളായി വളരാൻ സാദ്ധ്യതയുണ്ട്. ഇറച്ചിയാണ് ഏററവും നല്ല പ്രോട്ടീൻസ്രോതസ്സ്. ഇറച്ചിക്കുവേണ്ടി മാടുകളെയോ, ആടുകളെയോ പന്നികളെയോ വളർത്താൻവേണ്ടത്ര ഭൂമി നമുക്കില്ല. വളർത്താവുന്ന കോഴികൾക്കുമുണ്ട് പരിധി. മുയലുകളെ വളർത്താൻ സ്ഥലം കുറച്ചു മതി; അവ വേഗത്തിൽ പെററുപെരുകും; മുയൽമാംസത്തിനു നല്ല രുചിയുണ്ട്.

'മുയലുകൾ കൃഷി നശിപ്പിക്കുകയില്ലേ?' എന്റെ സംശയം.

'അവയെ പുറത്തു വിടരുതു്. കമ്പിവലയിട്ട കൂടുകളിൽ വേണം മുയലുകളെ വളർത്താൻ'—ഉദ്യോഗസ്ഥന്റെ സമാധാനം.

മുയലുകളോളം ദ്രോഹം ചെയ്യാത്തവയും വളർത്താൻ കൂടുതൽ എളുപ്പമുള്ളവയുമായ മററു മൃഗങ്ങളില്ലേ? എന്റെ ഓർമയിൽ ഉടൻ വന്നതു കോളേജുകളിലെ ബയോളജി ലാബറട്ടറികളിൽ പരീക്ഷണങ്ങൾക്കുവേണ്ടി വളർത്തുന്ന ഗിനിപ്പന്നികളാണ്. അത്തരം ജീവികൾ വേറെയുമുണ്ടാവും. അവ

യെ വളർത്തി ഭക്ഷണത്തിലെ പ്രോട്ടീൻക്ഷാമം ഒഴിവാക്കാൻ ശ്രമിച്ചാലോ?

ആലോചന ആ വഴിക്ക തിരിഞ്ഞപ്പോഴാണ്, ലോക ഭക്ഷ്യ കാർഷിക സംഘടന (എഫ്. എ. ഒ) യുടെ മാസികയായ 'സൊരസി'ൽ (Ceres) ഉള്ള ഒരു ലേഖനം എന്റെ ശ്രദ്ധയിൽപ്പെട്ടത്. കീശയിൽ കൊണ്ടു നടക്കാവുന്നത്ര ചെറിയ പന്നികരം, മാൻകരം, വലിയ എലികരം (അവയും കീശയിലിടാവുന്നവതന്നെ) മുതലായവയെ 'വളർത്തുന്ന 'തപാൽസ്റ്റാമ്പ് സൈസ്'' കൃഷിയിടങ്ങളുടെ ഭാവിസാധ്യതകളെപ്പററിയാണ് ഈ ലേഖനം.

മാംസത്തിനുവേണ്ടി വളർത്തുന്ന ഇത്തരം കൊച്ചുമൃഗങ്ങളെ മൊത്തത്തിൽ 'മൈക്രോലൈവ്സ്റ്റോക്ക്'' (കൊച്ചുകാലികരം) എന്നു വിളിക്കുന്നു. ഇവയെസ്സംബന്ധിച്ച കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തണമെന്ന് ലേഖനത്തിൽ പറയുന്നു. കാരണം കൃഷിഭൂമി സ്വന്തമായിട്ടില്ലാത്തവർക്കും ഇത്തരം മൃഗങ്ങളെ വളർത്താം. ഏതു പരിസ്ഥിതിയിലും ഇവ വളരും. മാംസക്ഷാമം പരിഹരിക്കാൻ ഒരേയൊരു മാർഗം 'കൊച്ചുകാലികളെ' വളർത്തലാണെന്താനും.

'കൊച്ചുകാലി'കളിൽ പ്രാധാന്യം, ഒരുപക്ഷേ, ഗിനിപ്പന്നിക്ക തന്നെയായിരിക്കും. തെക്കെ അമേരിക്കയിലെ ബൊളിവിയ, പെറു, ഇക്വഡോർ എന്നീ രാജ്യങ്ങളിലെ നാടന്മാർ (അമേരിന്ത്യന്മാർ) ഇവയെ ഇപ്പോരംത്തന്നെ വീടുകളിൽ കൂട്ടംകൂട്ടമായി വളർത്തുന്നുണ്ട്. ഗിനിപ്പന്നികളെ കമ്പിവലക്കു് അകത്തിടേണ്ടതില്ല ഉമ്മറത്ത് ഒരു വരി ഇഷ്ടിക നിരത്തിയാൽ മതി. ആ വരമ്പ് ഇവ കയറിക്കടക്കുകയില്ല. പരമസാധുക്കരം!

പെറുവിലെ നാട്ടുകാർ ഇപ്പോരം ഒരാണ്ടിൽ ഏഴുകോടി ഗിനിപ്പന്നികളെ തിന്നുന്നുണ്ടത്രെ. തലസ്ഥാനനഗരമായ ലിമയിൽ, പത്തും അമ്പതും നില ഉയരമുള്ള ഫ്ളാററുകളിൽ പാർക്കുന്ന പെറുവിയന്മാർ ഗിനിപ്പന്നികളെ കാർഡ്ബോർഡ് പെട്ടികളിലിട്ടു സ്വന്തം ഉറക്കറകളിൽ, കട്ടിലിൻ ചുവട്ടിൽ, വളർത്തുന്നു. ഒരു കുടുംബത്തിനു് ആവശ്യമുള്ള മാംസം ഒരു കിടപ്പുമുറിയിൽനിന്നു് അവർ ഉണ്ടാക്കുന്നു. ഒരൊററ തറവാട്ടമ്മയ്ക്കു്—എന്തിനു്, ഒരു സ്കൂരംകുട്ടിക്കു്—മൂവായിരം ഗിനിപ്പന്നികളെവരെ, പരസഹായമില്ലാതെ വളർത്താൻ കഴിയുന്നു. ആറു് അംഗങ്ങളുള്ള ഒരു കുടുംബത്തിനു് ആവശ്യമായ ഭക്ഷണം നൽകാൻ എത്ര ഗിനിപ്പന്നികളെ പോററണമെന്നോ? രണ്ടു് ആൺപന്നികളും ഇരുപതു് പെൺപന്നികളും അടക്കം ഇരുപത്തിരണ്ടു് പന്നികരംമാത്രം അടങ്ങുന്ന ഒരുകൂട്ടം ഒരു കുടുംബത്തിന്റെ ആവശ്യത്തിനു ധാരാളം മതിയാവും! മുയലുകളേപ്പോലെ ഗിനിപ്പന്നികരം ക്ഷണത്തിൽ പെററുപെരുകുന്നു. ഒരാണും പത്തു പെണ്ണുമായി നിങ്ങരം ഗിനിപ്പന്നി കൃഷി തുടങ്ങുക; ഒരു വർഷത്തിനകം നിങ്ങളുടെ കൊച്ചുകാലിക്കൂട്ടത്തിൽ മൂവായിരം ഗിനിപ്പന്നികളുണ്ടാവും.

തെക്കേ അമേരിക്കയിലെ ഇക്വഡോർ രാജ്യത്തിൽ നിലവിലുള്ള ഗിനിപ്പന്നിക്കൃഷിയെപ്പററി ലോകഭക്ഷ്യകാർഷിക സംഘടന ഒരു പഠനം നടത്തിയിരുന്നു. മലകളിലെ ചെറിയ കൃഷിയിടങ്ങളിൽ പന്നികളെ

യോ കറവുമാടുകളെയൊ വളർത്തുന്നതിനേക്കാൾ എത്രയോ അധികം ലാഭകരമാണ് ഗിനിപ്പന്നിക്കൃഷി എന്ന് ഈ പഠനത്തിൽനിന്നു വ്യക്തമായി. കാരണം, ഗിനിപ്പന്നിമാംസത്തിനു മററു മാംസത്തേക്കാൾ കൂടുതൽ വില കിട്ടിവരുന്നു.

ഗിനിപ്പന്നികളെപ്പോലുള്ള കൊച്ചുകാലികളെ വളർത്താൻ മൂലധന ച്ചെലവ് നന്നേ കുറച്ചേ വരൂ. പച്ചക്കറിയുടെ തൊലിയും അടുക്കളയിലെ മററ് അവശിഷ്ടങ്ങളും അവയ്ക്കു തീററയായി കൊടുക്കാം. അവയുടെ ഇറച്ചി കേടുവരാതെ സൂക്ഷിക്കാൻ 'ഫ്രിഡ്ജ്' വേണ്ട. ഒരു ഗിനിപ്പന്നിയെ മുഴുവനോടെ പുഴുങ്ങി, അല്ലെങ്കിൽ പൊരിച്ച്, ഒരാൾക്ക വിളമ്പാമല്ലോ. അല്ലെങ്കിൽ, അവയെ മുറിച്ച് റൊട്ടിയിൽവെച്ച് സോസേജായി ഭക്ഷിക്കാം. രാവിലെ കൊന്ന ഗിനിപ്പന്നിയെ വൈകുന്നേരത്തേക്ക സൂക്ഷിച്ചുവെക്കുന്ന പ്രശ്നമില്ല. ഏതു കാലാവസ്ഥയിലും കൊച്ചുകാലികൾ വളരും. വലിയ ഒരു മൃഗം (ഉദാഹരണത്തിന് പന്നിയോ, ആടോ) വളരാത്ത സ്ഥലത്തും കൊച്ചുകാലികൾക്ക കൂട്ടമായി ജീവിച്ചുപോരാൻ പ്രയാസമില്ല

കോടിക്കണക്കിനു പെററുപെരുകുന്ന ദരിദ്രരാജ്യങ്ങളിലെ ജനങ്ങൾക്ക മുഴുവൻ വേണ്ടത്ര ഗോമാംസമോ പന്നിമാംസമോ ആട്ടമാംസമോ നൽകുക ഒരുകാലത്തും സാദ്ധ്യമാവില്ല പക്ഷേ, 'കൊച്ചുകാലി'കളുടെ മാംസം എല്ലാവർക്കും ലഭ്യമാക്കാൻ കഴിയും. ദരിദ്രരുടെ മോചനം കൊച്ചുകാലികളിലാണ്.

ആധുനിക മനുഷ്യൻെറ ഭക്ഷ്യധാന്യങ്ങളിൽ മികച്ചുനിൽക്കുന്ന ചോളവും, കിഴങ്ങു ഭക്ഷ്യങ്ങളിൽ മികച്ചുനിൽക്കുന്ന ഉരുളക്കിഴങ്ങും, ലഹരിവിളകളിൽ മികച്ചു നിൽക്കുന്ന പുകയിലയും മററും അമേരിക്കയുടെ സംഭാവനയാണ്. അമേരിക്കക്കാരിൽനിന്ന് എന്തുകൊണ്ട നമുക്ക ഗിനിപ്പന്നിക്കൃഷിയും പകർത്തിക്കൂടാ?

ഗിനിപ്പന്നിയെപ്പോലെതന്നെ വളർത്താവുന്ന കൊച്ചുകാലികൾ വേറെയുണ്ട്. ഇത്തരം ഒരു ഡസൻ ജീവികളെങ്കിലുമുണ്ടെന്നാണ് അമേരിക്കയിലെ ഫ്ളോറിഡ സർവകലാശാലയിലെ ഗവേഷകർ പറയുന്നത്. അവയിൽ ചില ജന്തുക്കളുടെ പേരു് ഞാൻ ആദ്യമായി കേൾക്കുകയാണ്. ബാൻഡിക്കൂട്ട് (തുരപ്പൻ) പോലെയുള്ള എലികൾ, ചിലതരം വാവലുകൾ, ഓന്തുകൾ, വലിയ ഒച്ചുകൾ മുതലായവയും ഇക്കൂട്ടത്തിൽപ്പെടുന്നു. ഉടുമ്പുകളുടെ മാംസത്തിനു തെക്കേ അമേരിക്കയിൽ വളരെ പ്രിയമാണത്രെ. കേരളത്തിലും ഉടുമ്പുമാംസം ഒരു വിശിഷ്ടഭോജ്യമായി കരുതപ്പെടുന്നു. ലാററിനമേരിക്കയിൽ കരീബിയൻ കടലിലുള്ള നെതർലാൻഡ്സ് ആൻറീതിസ് ദ്വീപസമൂഹത്തിലെ കുറസാവോ (Curacao) ദ്വീപിൽ സ്ഥിതിചെയ്യുന്ന 'കരീബിയൻ മറൈൻ ബയോളജി സ്റ്റേഷൻ' എന്ന ഗവേഷണാലയത്തിൽ ഒരു 'ഉടുമ്പു വളർത്തൽ കേന്ദ്രം' പ്രവർത്തിച്ചുവരുന്നുണ്ടത്രെ. പടിഞ്ഞാറെ ആഫ്രിക്കയിൽ ഇപ്പോൾത്തന്നെ എലിമാംസം ഒരു വിശിഷ്ടഭോജ്യമാണ്. 'ഗ്രാസ് കട്ടർ' എന്നതരം വലിയ എലിയെ വ്യവസായാടിസ്ഥാനത്തിൽ വളർത്തുന്നതിന് അവിടെ ശ്രമങ്ങൾ നടക്കുന്നതായി പറയപ്പെടുന്നു. അതിൻെറ ചുകന്ന മാംസം മുയൽ

മാംസംപോലെ രുചികരമാണ്. ഇത്തരം എലിയുടെ തൊലിയും, രോമംപോലും തിന്നാൻ പററും. ഒന്നും കളയേണ്ടതായില്ല! ആഫ്രിക്കയിലെ എൺപതോളംതരം എലികൾ മനുഷ്യനുമായി ഇണങ്ങും. അവയെ വളർത്തുക ഒരു പ്രശ്നമല്ല

കഷ്ടിച്ച് പത്ത് ഇഞ്ച് ഉയരം വരുന്ന ഉത്തരേന്ത്യയിലെ 'പിഗ്മിപ്പന്നി' മിക്കവാറും നാശത്തിന്റെ വക്കിലെത്തിയ ഒരു കാട്ടുമൃഗമാണ്. വീട്ടിൽ വളർത്താൻ പററിയ ഒരു കൊച്ചുകാലിയാണിത്. നമ്മുടെ കാടുകളിലെ 'കൂരൻ' എന്ന മാനും (അതോ പന്നിയോ?) ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നു തോന്നുന്നു.

അമേരിക്കയിലെ നാഷനൽ സയൻസ് അക്കാദമിയിലെ ഒരംഗമായ ഡോക്ടർ നോയെൽ വിയെററ് മെയറെ ആണ് ഭക്ഷ്യകാർഷിക സംഘടനയുടെ മുഖപത്രം പ്രധാനമായും ഉദ്ധരിച്ചുകാണുന്നത്.

മുയൽക്കൃഷിയെക്കാൾ എളുപ്പവും ലാഭകരവും ഗിനിപ്പന്നിക്കൃഷിയാണെന്ന് ഇപ്പോൾ നിങ്ങൾക്കു ബോദ്ധ്യംവന്നിരിക്കും. പക്ഷേ, കേരള സക്കാരിനെ എങ്ങനെ ബോദ്ധ്യപ്പെടുത്താനാണ്? നമുക്കു പോയി ബസ്സിനു തീവെയ്ക്കാൻ പററുമോ? ഏതാനും ബസ്സുകൾ കത്തിക്കരിയാതെ വല്ല കാര്യവും സർക്കാരിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

(25 നവംബർ, 1984)

# 82. മനുഷ്യപ്പന്നികൾ

ഊതിവീർപ്പിച്ച ഒരു കോലാടിനേക്കാളേറെ ഇറച്ചിപ്പൊലിപ്പോ, ഒരു കോലാടിനുള്ളതിലധികം പാലോ, ഇല്ലാത്ത നാടൻ പശുക്കളെ 'സ്വിസ് ബ്രൗൺ', 'ജെർസി' എന്നിവപോലെയുള്ള ഇനങ്ങളിൽപ്പെട്ട മറുനാടൻ കാളകളുമായി നേരിട്ട് ഇണചേർത്തോ, അത്തരം കാളകളുടെ ബീജം കുത്തിവെച്ചോ, കാലികളുടെ വംശഗുണം ഉയർത്തുന്ന സമ്പ്രദായം നമുക്ക് ഇന്നു പരിചിതമാണ്. പിതൃഗുണത്തിന്റെ ഒരംശം സന്താനങ്ങളിലേക്കു പകരുകയും, തലമുറകളിലൂടെ അതു നിലനില്ക്കുകയുംചെയ്യുന്നത് ഇവിടെ നാം കാണുന്നു. 'വൈററ്ലെഗോൺ' പോലെയുള്ള ചേവലുകളുമായി ഇണചേർത്ത് നാടൻകപ്പക്കോഴികളുടെയും വംശഗുണം നാം ഉയർത്തിവരുന്നുണ്ട്. മൃഗങ്ങളിലും പക്ഷികളിലും ഫലപ്രദമായ ഇതേ തന്ത്രം സസ്യങ്ങളുടെ ഗുണം ഉയർത്താനും, പ്രയോജനപ്പെടുന്നു. കൂടുതൽ മികച്ച മറുനാടൻ നെല്ലിനങ്ങളെ സങ്കരണം ചെയ്തുണ്ടാക്കിയവയാണല്ലോ നമ്മുടെ അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങൾ.

സങ്കരണം ഒരേ ഇനത്തിന്റെ (സ്പീഷീസിന്റെ അല്ലെങ്കിൽ ജാതിയുടെ) അകത്തേ നടക്കൂ. 'പുണർന്നു പെറുമെല്ലാമൊരിനമാം' എന്ന് ശ്രീനാരായണഗുരു പറയുന്നുണ്ടല്ലോ. ഒരു ഇനത്തിൽ (സ്പീഷീസിൽ) പെട്ട എല്ലാ